(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ കെ. ടി. ഡി. സി. യുടെയും ടൂറിസ്റ്റ് വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളുടെ വരുമാനം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൊച്ചി, കോവളം, തിരുവനന്തപുരം, തേക്കടി, കോട്ടയം, കുമരകം, ആലപ്പുഴ, മൂന്നാർ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് വിദേശ വിനോദ സഞ്ചാരികൾ കൂടുതൽ എത്തിയിട്ടുള്ളത്.

(ബി) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ

129 (1021) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ ഗസ്റ്റ് ഹൗസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നിയമനം നൽകുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റ് വരുത്തിയിട്ടുണ്ടോ ;

(സി) ഗസ്റ്റ്ഹൗസുകളിലെ നിയമനം പി. എസ്. സി.യ്ക്ക് വിടുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ഡി) നിലവിൽ ജോലിചെയ്യുന്ന ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 131 പേരുടെ സേവനം താൽക്കാലികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്.

(ബി) ദിവസക്കൂലി അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ലിസ്റ്റ് വരുത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഗസ്റ്റ് ഹൗസുകളിലെ സ്ഥിരനിയമനങ്ങളെല്ലാം ഇപ്പോൾ പി. എസ്. സി. മുഖേനയാണ് നടത്തുന്നത്.

(ഡി) നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾപ്രകാരം ഇത് അനുവദനീയമല്ല.

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly